# വനഗവേഷണകേന്ദ്രത്തിന് മികവിനുള്ള പുരസ്കാരം




▶ മികച്ച എൻവിസ് കേന്ദ്രത്തിനുള്ള കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പുരസ്കാരം ഡോ. രേഖ വാര്യർ സ്വീകരിക്കുന്നു

**കോയമ്പത്തൂർ** ▸ കോയമ്പത്തൂരിലുള്ള ഇന്ത്യൻ ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ് കേന്ദ്രത്തിലുള്ള എൻവിസ് വിഭാഗത്തിന് 2023-24 വർഷത്തെ ദേശീയ പുരസ്കാരം. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനുകീഴിൽ ദക്ഷിണമേഖലയിലുള്ള മികച്ച കേന്ദ്രത്തിനുള്ള പുരസ്കാരമാണ് ലഭിച്ചത്. ഡോ. കണ്ണൻ വാര്യരായിരുന്നു പ്രസ്തുതകാലത്ത് എൻവിസ് മേധാവി. ഇപ്പോൾ കേരള വനഗവേഷണ സ്ഥാപനത്തിന്റെ ഡയറക്ടറാണ്. നിലവിൽ ഡോ. രേഖ വാര്യരാണ് എൻവിസ് മേധാവി.

30. News in Mathrubhumi, Palakkad, 09.09.2024, Award for best EIACP centre in South Zone.